ഉത്തരം

1986 ഓഗസ്റ്റ് 1-ാം തീയതി ആരംഭിച്ച നിക്ഷേപ സമാഹരണ തീവ്ര യത്ന പരിപാടിയുടെ ഫലമായി, 1986 സെപ്റ്റംബർ 30-ാം തീയതി വരെ 50.60 കോടി രൂപ നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. തീവ്ര യത്ന പരിപാടിയുടെ കാലാവധി ഒക്ടോബർ 31 വരെ നീട്ടിയിട്ടുണ്ട്. 100 കോടി രൂപ സമാഹരിക്കണമെന്നതാണ് ലക്ഷ്യം.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

242. [296] (എ) 1986 സെപ്റ്റംബർ മാസം 15 വരെ സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത എല്ലായിനത്തിലും കൂടി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 1986 സെപ്റ്റംബർ 15-ന് സംസ്ഥാന ഖജനാവിലേക്ക് വിവിധ കോർപ്പറേഷനുകളിൽ നിന്നും മറ്റു പൊതുക്കാര്യമേഖലാ സ്ഥാപനങ്ങളിൽനിന്നും കിട്ടുവാനുള്ള സംഖ്യ എത്രയാണ്?

ഉത്തരം

(എ) 1986 സെപ്റ്റംബർ 15 വരെയുള്ള സംസ്ഥാനത്തിന്റെ എല്ലായിനത്തിലും കൂടിയുള്ള കടബാദ്ധ്യത ലഭ്യമല്ല. കാരണം 1986 സെപ്റ്റംബർ വരെയുള്ള അക്കൗണ്ട്സ് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ തയ്യാറായിട്ടില്ല. 31-3-1986 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത സംസ്ഥാനഗവൺമെന്റിന്റെ ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും എന്നീയിനത്തിൽ 1755.89 കോടി രൂപയാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ നിന്നും എടുത്ത കടം

243. [297] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെത്തു തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 1986 സെപ്റ്റംബർ 30 വരെ കേരള ഗവൺമെന്റ് എടുത്ത കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ നിന്നും 1986 സെപ്റ്റംബർ 30 വരെ കേരള ഗവൺമെന്റ് കടം എടുത്തിട്ടില്ല.

പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്ത വായ്പ

244. [298] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് 1986 സെപ്റ്റംബർ 30 വരെ സംസ്ഥാന സർക്കാർ ആകെ എത്ര രൂപ വായ്പ എടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly